(6) റബ്ബർ പാർക്ക്, ഐരാപുരം

എറണാകുളം ജില്ലയിൽ ഐരാപുരത്ത് കിൻഫ്രയും റബ്ബർ ബോർഡും ചേർന്ന് 100 ഏക്കറിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നു. ഇതിനായി 50 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു.

(7) അരൂരിലെ മറൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ

കിൻഫ്രയും എം.പി.ഇ.ഡി.എ.യും ചേർന്ന് ആലപ്പുഴ ജില്ലയിലെ അരൂരിൽ കയറ്റുമതി അധിഷ്ഠിത മത്സ്യ വ്യവസായങ്ങൾ തുടങ്ങുന്നതിന് എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഒരു മറൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നുണ്ട്.

(8) ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ്, കഞ്ചിക്കോട്

പാലക്കാട്ടെ കഞ്ചിക്കോട് സംയുക്തമേഖലയിൽ ഒരു ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനായി 740 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനിരിക്കുന്നതേയുള്ളൂ.

(9) ഫിലിം ആന്റ് വീഡിയോ പാർക്ക്

ഫിലിം വീഡിയോ സംബന്ധമായ വ്യവസായങ്ങൾ തുടങ്ങുന്നതിന് കഴക്കൂട്ടം സൈനിക് സ്കൂൾ പരിസരത്ത് 75 ഏക്കർ ഭൂമിയിൽ ഫിലിം വീഡിയോ പാർക്ക് സ്ഥാപിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്.

(10) ആയുർവേദ ഹെർബൽ വില്ലേജ് ഇടുക്കി

ഔഷധ ചെടികളുടെ തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും ഭാഗികമായി സംസ്കരണം നടത്തുന്നതിനും വ്യവസായ സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്ന ഒരു പദ്ധതി എന്ന നിലയിൽ ഇടുക്കി ജില്ലയിൽ ഒരു ഹെർബൽ വില്ലേജ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം തുടങ്ങിയിട്ടുണ്ട്.

(11) കൂടാതെ കാസർഗോഡ് ജില്ലയിലെ സിതഗോളിയിലും കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും എറണാകുളം ജില്ലയിലെ മഴുവന്നൂരും ചെറുകിട വ്യവസായ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ അല്ലാതെ മറ്റു പദ്ധതികൾക്കൊന്നും കിൻഫ്രാ ഇപ്പോൾ രൂപം നൽകിയിട്ടില്ല.

(സി) വിഭാഗത്തിൽ സൂചിപ്പിച്ചതല്ലാതെ മറ്റു പദ്ധതികൾ കിൻഫ്രയ്ക്കില്ല.

(ഡി) അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

22 (524) കിൻഫ്രായുടെ പ്രവർത്തന മേഖലകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കിൻഫ്രായുടെ പ്രവർത്തന മേഖലകൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) കിൻഫ്രായുടെ പ്രവർത്തനം കൊണ്ട് വ്യവസായ മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കിൻഫ്രായ്ക്ക് കേരളത്തിൽ എത്ര ബ്രാഞ്ച് ഓഫീസുകൾ ഉണ്ട്; ഇവ എവിടെയെല്ലാം;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിൻഫ്രായ്ക്ക് പുതുതായി ഏതെങ്കിലും ബ്രാഞ്ചുകൾ തുടങ്ങിയിട്ടുണ്ടോ?

ഉത്തരം

(എ) വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതികളാണ് കിൻഫ്ര ഏറ്റെടുത്ത് നടത്തുന്നത്.

(ബി) വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യം ലഭ്യമാക്കാനായി വിവിധ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കിവരുന്നതേയുള്ളൂ എന്നതിനാൽ നേട്ടങ്ങൾ വിലയിരുത്താറായിട്ടില്ല.

(സി) കിൻഫ്രയ്ക്ക് ബ്രാഞ്ച് ഓഫീസുകൾ ഒന്നുംതന്നെയില്ല. ഹെഡ് ഓഫീസ് കൂടാതെ പ്രോജക്ട് ഓഫീസുകളും കിൻഫ്രായുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള കമ്പനികളുടെ ഓഫീസുകളുമാണ് കിൻഫ്രയ്ക്ക് ഉള്ളത്. കിൻഫ്രായുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്ക് കേശവദാസപുരത്തും കിൻഫ്രാ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് എറണാകുളത്ത് കാക്കനാട്ടും പ്രവർത്തിക്കുന്നു.

(ഡി) കണ്ണൂർ എയർപോർട്ടിന്റെ പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി കിൻഫ്രായെ നിയമിച്ചതിനെ തുടർന്ന് ഇതിന്റെ മാത്രം പ്രവർത്തനങ്ങൾക്കായി ഒരു ലെയ്സൺ ഓഫീസ് കണ്ണൂർ കളക്ടറേറ്റിൽ ആരംഭിച്ചു. ഇതിനുപുറമേ, കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസിൽ കിൻഫ്രാ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന്റെ പ്രോജക്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

23 (525) സംസ്ഥാനത്തെ കേന്ദ്രനിക്ഷേപം

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം എത്രയായിരുന്നു;

(ബി) ഇത് കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ എത്ര ശതമാനം വരും;

(സി) ഇപ്പോൾ സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപം എത്രയാണ്;

(ഡി) ഇത് കേന്ദ്രഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly